# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 31**

---

- *വരവ് 650.87 കോടി രൂപ, ചെലവ് 672.74 കോടി രൂപ*
- *സംരംഭകത്വ പ്രോത്സാഹനത്തിന് ഒരു കോടി രൂപ*
- *ഒരു പഠന വകുപ്പിന് ഒരു നൂതന ആശയം പദ്ധതി നടപ്പാക്കും*
- *ഗാന്ധി മ്യൂസിയം ഈ വർഷം*
- *ഡോ. ബി.ആർ. അംബേദ്കറുടെ പേരിൽ പഠന കേന്ദ്രം*
- *യു.ആർ. അനന്തമൂർത്തിയുടെ പേരിൽ ഡിജിറ്റൽ മീഡിയ സ്കൂൾ*
- *പരീക്ഷാ മൂല്യനിർണയം പൂർണമായും ഓൺലൈനാക്കും*
- *പഠന വകുപ്പുകൾക്കായി 11.25 കോടി രൂപ*

## സംരംഭകരാകാൻ വിദ്യാർഥികൾക്ക് പിന്തുണ ഉറപ്പാക്കി എം.ജി സർവകലാശാലാ ബജറ്റ്

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ വിദ്യാർഥികളെ ഗവേഷകരും സംരംഭകരുമായി വളർത്തുന്നതിനുള്ള പദ്ധതികൾക്കും സാമ്പത്തിക ഭദ്രതയും ഊർജ്ജ സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്ന ആശയങ്ങൾക്കും മുൻഗണന. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ധനകാര്യ ഉപസമിതി കൺവീനർ പി. ഹരികൃഷ്ണനാണ് 650.87 കോടി രൂപ വരവും 672.74 കോടി രൂപ ചിലവും 21.86 കോടി രൂപ റവന്യു കമ്മിയും പ്രതീക്ഷിക്കുന്ന ബജറ്റ് അവതരിപ്പിച്ചത്.*

*ക്ലാസ് മുറികളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളും സംരംഭകത്വവും തമ്മിലുള്ള അകലം ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഫലം കാണുന്നുണ്ടെന്നും നാലു വർഷ ബിരുദ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന വിജ്ഞാന സമൂഹത്തിനായുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വൈസ് ചാൻസലർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അതോടൊപ്പം സർവകലാശാലയിലെ ഓരോ പഠന വകുപ്പും ഒരു നൂതന ആശയമെങ്കിലും സംരംഭമാക്കി മാറ്റുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതിയും നടപ്പാക്കും. രണ്ടു പദ്ധതികൾക്കും 50 ലക്ഷം രൂപ വീതം ചെലവഴിക്കും*

*വിദ്യാർഥികളുടെ നൂതന ആശയങ്ങൾ സംരംഭങ്ങളാക്കി മാറ്റുന്നതിന് സർവകലാ*

ശാല പിന്തുണ നൽകും. ആശയങ്ങളെ സ്റ്റാർട്ടപ്പുകളായി ഇൻകുബേറ്റ് ചെയ്യുകയും സ്റ്റാർട്ട പ്പുകൾ വ്യവസായികമായി വിപുലീകരിക്കപ്പെടുമ്പോൾ ഇതിൽ സർവകലാശാലയ്ക്ക് നിശ്ചിത ശതമാനം പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്ന രീതിയാണ് ലക്ഷ്യമിടുന്നത്. സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഏകോ പനം നിർവഹിക്കും.

ഓരോ പഠന വകുപ്പും ഒരു ആശയമെങ്കിലും സംരംഭമാക്കി മാറ്റുന്ന സംവിധാനം യാഥാർത്ഥ്യമായാൽ സർവകലാശാലയ്ക്ക് വലിയ സാമ്പത്തിക നേട്ടത്തിന് വഴിയൊരു ങ്ങും. സർവകലാശാലയിൽനിന്നും സംരംഭങ്ങളായി വളർന്ന ആശയങ്ങൾ ഉൾപ്പെടുത്തി ടെക്നോളജി ഡാറ്റാ ബാങ്ക് തയ്യാറാക്കും. സംരംഭകരിൽനിന്ന് നിശ്ചിത തുക ഈടാക്കി ഈ ആശയങ്ങൾ കൈമാറുന്നത് തുടർ പദ്ധതികൾക്കുള്ള മൂലധന സമാഹരണത്തിന് ഉപകരി ക്കും. ഡാറ്റാ ബാങ്കിനും സർവകലാശാലയിലെ ഗവേഷകർ ഇതുവരെ നേടിയ പേറ്റന്റുകൾ വ്യവസായ സമൂഹത്തിനും പൊതുജനങ്ങൾക്കും പരിചയപ്പെടുത്താൻ ലക്ഷ്യമിടുന്ന പേറ്റന്റ് ആന്റ് റിസർച്ച് ഗാലറിക്കും 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

നാലു വർഷ ബിരുദ പ്രോഗ്രാമുകളിലെ വിദ്യാർഥികളുടെ നൂതന ആശയങ്ങൾ പരീ ക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംരംഭക പാർക്ക് സ്ഥാപിക്കും. ഇതോ ടൊപ്പം ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസും സജ്ജമാക്കും. വിജയ കരമായ സാങ്കേതിക വിദ്യകൾക്ക് പേറ്റന്റ് നേടുന്നതിനും ഇൻകുബേറ്റ് ചെയ്യുന്നതിനും തുടർന്ന് വ്യവസായവത്കരിക്കുന്നതിനുമുള്ള മാർഗനിർദേശങ്ങളും സൗകര്യങ്ങളും ഇവിടെ ഒരുക്കും. സംരംഭക പാർക്കിനായി ബജറ്റിൽ ഒരു കോടി രൂപ ഉൾക്കൊള്ളിച്ചിരി ക്കുന്നു.

സർവകലാശാലയിൽ എല്ലാ വർഷവും മഹാത്മാ ഗാന്ധിയുടെ പേരിൽ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷം ഗാന്ധി മ്യൂസിയം പ്രവർത്തനമാരംഭിക്കും. ഗാന്ധിജിയെ സംബന്ധിച്ച പ്രധാന വിവരങ്ങൾ, പുസ്ത കങ്ങൾ, ഫോട്ടോകൾ, സിനിമകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ ഉൾപ്പെടുത്തി വിപുല മായ രീതിയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് ബജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തി. ഭരണഘടനാ ശിൽപ്പി ഡോ. ബി.ആർ അബ്ദേകറുടെ പേരിൽ ഭരണഘടനാ-പാർലമെന്ററി പഠന കേന്ദ്രം ആരംഭിക്കുന്നതിനും പത്തു ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

സർവകലാശാലയിലെ പഠന വകുപ്പുകൾക്കായി 11.25 കോടി രൂപയും തെരഞ്ഞെ ടുത്ത ഇന്റർ സ്കൂൾ സെന്ററുകൾക്കായി 4.75 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടു ണ്ട്.

ഡിജിറ്റൽ മാധ്യമ രംഗത്തെയും ദൃശ്യമാധ്യമ രംഗത്തെയും പുതു സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് മുൻ വൈസ് ചാൻസലർ യു.ആർ അനന്ത മൂർത്തിയുടെ പേരിൽ സ്കൂൾ ഓഫ് ഡിജിറ്റൽ മീഡിയ ആന്റ് വിഷ്വൽ സ്റ്റഡീസ് തുടങ്ങും. ഇതിനായി അഞ്ചു ലക്ഷം രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചു.

സർവകലാശാലാ പരീക്ഷകളുടെ മൂല്യനിർണയം പൂർണമായും ഓൺലൈൻ സംവി

ധാനത്തിലാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഒരു കോടി രൂപ മാറ്റിവച്ചിട്ടു ണ്ട്. ഉത്തരക്കടലാസുകൾ സ്കാൻ ചെയ്ത് അധ്യാപകർക്ക് ഓൺലൈൻ ആപ്ലിക്കേഷൻ മുഖേന ലഭ്യമാക്കി സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്താനാണ് ലക്ഷ്യമിടുന്നത്. പരീക്ഷാ വിഭാഗത്തിൽനിന്നുള്ള സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന ദിവസം തന്നെയോ പരാമാവധി മൂന്നു ദിവസങ്ങൾക്കുള്ളിലോ നൽകുന്നതിന് ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തും.

സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗ മായി പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പൂർണമായും സൗരോർജ്ജ ത്തിൽ പ്രവർത്തിക്കുന്ന കാമ്പസായി സർവകലാശാലയെ മാറ്റുകയും കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് വൈദ്യുതി വിൽക്കുകയും ചെയ്യാനായാൽ വരുമാന നേട്ടത്തിന് ഉപകരിക്കും. കാമ്പസിലെ സാധ്യമായ എല്ലാ കെട്ടിടങ്ങളുടെ മുകളിലും സൗരോജ്ജ പാനലുകൾ സ്ഥാപിക്കുന്നത് പരിഗണിക്കും. ആവശ്യമായ സ്ഥലങ്ങളിൽ സോളാർ വാട്ടർ ഹീറ്ററുകളും സജ്ജീകരിക്കും. ഈ പദ്ധതിക്കായി അഞ്ചു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാമ്പസിലെ ജൈവ മാലിന്യത്തിൽനിന്നുള്ള ഊർജ്ജോത്പാദനത്തിന് 25 ലക്ഷം രൂപ നീക്കിവച്ചിരിക്കു ന്നു.

സർവകലാശാലയ്ക്ക് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ മൾട്ടി പർപ്പസ് കൺവെൻഷൻ സെന്റർ നിർമിക്കുന്നതിന് മൂന്നു കോടി രൂപ വകയിരുത്തി. ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് വിരമിക്കൽ ഫണ്ട് രൂപീകരിക്കും. ആദ്യഘ ട്ടമായി ഇതിനായി അഞ്ചു കോടി രൂപ ചിലവിടും.

നാലു വർഷ ബിരുദ പ്രോഗ്രാമുകളെക്കുറിച്ച് അഫിലിയേറ്റഡ് കോളജുകളിലെ അധ്യാപകർക്കും അനധ്യാപക ജീവനക്കാർക്കും തുടർപരിശീലനം നൽകുന്നതിനായി അൻപതു ലക്ഷം രൂപ ബജറ്റിൽ ഉൾപ്പെടുത്തി.

സർവകലാശാലയിലെയും അഫിലയേറ്റഡ് സ്ഥാപനങ്ങളിലെയും വിപുലമായ സാധ്യതകൾ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പരിചയപ്പെടുത്തുന്നതിനായി ഏപ്രിൽ –മെയ് മാസങ്ങളിൽ ഗ്ലോബൽ അക്കാദമിക് കാർണിവൽ സംഘടിപ്പിക്കും. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലളയവിൽ താലൂക്ക് ആസ്ഥാനങ്ങളിൽ പ്രവേശന ഹെൽപ്പ് ഡസ്കു കൾ ക്രമീകരിക്കും. ഈ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ ചെലവിടും.

സർവകലാശാലയിലെ പഠന വകുപ്പുകളിലെ അധ്യാപകർക്കായി അക്കാദമിക് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിനായി ട്രാവൽ ഗ്രാൻഡ് ലഭ്യമാക്കും. ഇതിനായി ഐക്യു എസി റിസർച്ച് എക്സലൻസ് ഫെലോഷിപ്പ് ഏർപ്പെടുത്തുന്നതിന് 20 ലക്ഷം രൂപ വകയിരു ത്തി. യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിജിറ്റൽ മ്യൂസിയോളജി ആന്റ് ടൂറിസത്തിന് 25 ലക്ഷം രൂപ ചെലവിടും.

രാജ്യാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്നുള്ള ഡിഗ്രി പ്രോഗ്രാമുകൾ, ട്വിന്നിംഗ് ഡിഗ്രികൾ, ഓഫ് ഷോർ കാമ്പസുകൾ തുടങ്ങിയവയ്ക്കായി 10 ലക്ഷം രൂപ വക യിരുത്തിയിട്ടുണ്ട്.

*ആധുനിക മീഡിയ സെൽ, സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ മുൻ വൈസ് ചാൻസലർമാരുടെ ചിത്രങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്ന വൈസ് ചാൻസലേഴ്സ് ഗാലറി, ജീവനക്കാർക്ക് ആരോഗ്യ പരിശോധനയും ഹെൽത്ത് കാർഡും യോഗ പരിശീലനവും ലഭ്യമാക്കുന്നതിനുള്ള സംവിധാനം, കോളജുകൾക്ക് ആവശ്യാനുസരണം സിലബസുകളും നൂതന പ്രോഗ്രാമുകളും തെരഞ്ഞെടുത്ത് അപേക്ഷിക്കുന്നതിനായി കേന്ദ്രീകൃത ഓൺലൈൻ ഡാറ്റാ ബാങ്ക് എന്നിവയ്ക്ക് അഞ്ചു ലക്ഷം രൂപ വീതവും ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

*വാർത്താ സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എംഎൽഎ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവരും പങ്കെടുത്തു.*

*(പി.ആർ.ഒ/39/1175/2024)*

*ഫോട്ടോ ക്യാപ്ഷൻ...*

MGU BUDGET 1

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് സിൻഡിക്കേറ്റ് യോഗത്തിൽ ധനകാര്യ ഉപസമിതി കൺവീനർ പി. ഹരികൃഷ്ണൻ അവതരിപ്പിക്കുന്നു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവർ സമീപം.*

MGU BUDGET 2

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2025-26 സാന്പത്തിക വർഷത്തെ ബജറ്റിനെക്കുറിച്ച് വാർത്താ സമ്മേളനത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സംസാരിക്കുന്നു. രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, പി. ഹരികൃഷ്ണൻ, അഡ്വ. റെജി സക്കറിയ എന്നിവർ സമീപം.*

**പബ്ലിക് റിലേഷൻസ് ഓഫീസർ**